NAME :- SHIBI-E

DISTRICT :- KASARAGOD

DESIGNATION :- NRLM.BC

Gender Sensitization Programme:-

രണ്ട് ദിവസത്തെ ജെൻഡർ സെൻസിറ്റൈസേഷൻ പരിപാടിയിൽ എനിക്ക് പങ്കെടുക്കേണ്ടതായാണ് വന്നത്. ഈ പരിപാടി വരുമ്പോൾ ആദ്യം വലിയ ഇഷ്ടമില്ലായിരുന്നു ഇതിന് മുൻ നടന്ന ബാച്ചുകളിൽ പങ്കെടുത്തവരുടെ അഭിപ്രായം കേട്ടതിന് ശേഷം ഞാൻ വരാൻ തയ്യാറായത്. എല്ലാവരും ഈ പരിപാടിയിൽ പങ്കെടുക്കണം എന്ന് ഞാൻ പറയുന്നു. ~~അതെപ്പോൾ~~ ഇത്രയും കാലം കുടുംബത്തിൽ ജോലിസ്ഥലത്തിലും ജെൻഡർ എന്നതിനെ കുറിച്ച് കേൾക്കുന്നത് അല്ലാതെ അതിനെക്കുറിച്ച് കാര്യങ്ങൾ മനസ്സിലാക്കാൻ ശ്രമിച്ചിട്ടില്ല അതിലേക്ക് ഒന്ന് നോക്കിയിട്ടു ഇല്ല.

ഈ പരിപാടിയിൽ ആദ്യം തന്നെ പരിചയപ്പെടുന്ന രീതി വളരെ സന്തോഷകരമായിട്ടാണ് നടത്തിയത്. പിന്നീടുള്ള ഓരോ ക്ലാസും ജെൻഡർ എന്നതെന്നും, അത് എങ്ങനെയൊക്കെയാണെന്നും മനസ്സിലാക്കുവാൻ സാധിച്ചു. നമ്മുടെ ഉള്ളിൽ തന്നെ പല പ്രശ്നങ്ങൾ ഉണ്ടായിട്ടും അതിനെയൊന്നും ശ്രദ്ധ ചെയ്യാതെ ഒരു ജീവിതമാണ് ഉണ്ടായിരുന്നത്.

ഒരിക്കലും പുരുഷൻ എതിരെയല്ല; പുരുഷമേധാവിത്വത്തിനായാണ് ഞങ്ങൾ എതിർക്കേണ്ടത് എന്നുള്ള ധാരണയുണ്ടായി. ഒരുപാട് ഗ്രൂപ്പ് വർക്കുകളിലൂടെ പല കാര്യങ്ങളും ഞങ്ങൾക്ക് മനസ്സിലാക്കി തരുകയുണ്ടായി. സ്ത്രീയും പുരുഷനും തമ്മിൽ വ്യത്യാസങ്ങൾ ഒന്നുമില്ലാതെ എല്ലാവർക്കും ഒരേപോലെ തന്നെ അവകാശങ്ങൾ ഉണ്ടെന്ന ആ അവകാശങ്ങളെക്കുറിച്ച് സ്ത്രീകളെ ബോധവാന്മാരാക്കേണ്ട ആവശ്യം എന്താണെന്നും എനിക്ക് ഇതിലൂടെ മനസ്സിലായി. ഒരു വ്യക്തിയുടെ ജീവിതത്തിൽ എതിർക്കേണ്ടതിനെ എതിർത്തും തോൽപ്പിക്കേണ്ടതിനെ തോൽപ്പിച്ചും ജീവിക്കാം എന്നൊരു കാഴ്ചപ്പാട് ഈ പരിശീലനത്തിലൂടെ എനിക്ക് ലഭിച്ചു. ഇത് ധൈര്യത്തിലും കൂടി പകർന്നുകൊടുക്കാൻ ഈ പരിശീലനത്തിലൂടെ ഞാൻ പ്രാപ്തയായി: ഇതിന് അവസരം ഒരുക്കിത്തന്ന സംഘടന മിത്രാ ആന്റ് ടീമിനെ പരിശീലകരായ ഗോപൻ, ഷേർളി എന്നിവർക്കും നന്ദി അറിയിക്കുന്നു.